പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1241 | 7.06.2018-ൽ മറുപടിക്ക്

## പാലങ്ങളുടെ ബലക്ഷയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>,, എം.ഉമ്മർ<br>,, പാറക്കൽ അബ്ദുല്ല<br>,, പി.ബി. അബ്ദുൽ റസ്സാക്ക് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പല പാലങ്ങളും ബലക്ഷയം സംഭവിച്ച് അപകടാവസ്ഥയിലാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി). ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (ബി) സംസ്ഥാനത്തെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലെ പാലങ്ങൾ പരിശോധിച്ചതിൽ 162 പാലങ്ങൾ പുനർ നിർമ്മാണം ആവശ്യമാണെന്നും, 208 പാലങ്ങൾ പുന പരിശോധനകൾക്കു ശേഷം പുനർ നിർമ്മാണമോ/പുനരുദ്ധീകരണമോ ആവശ്യമാണെന്നും, 1433 പാലങ്ങൾക്ക് അറ്റകുറ്റപണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. |
| (സി) പുനർ നിർമ്മിക്കേണ്ട പാലങ്ങളുടെ നിർമാണ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള പാലങ്ങളിൽ പുനർ നിർമ്മിക്കേണ്ടതായ 162 പാലങ്ങളിൽ 31 പാലങ്ങളുടെ പ്രവൃത്തികൾക്ക് ബഡ്ജറ്റ് / കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. 10 പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. പുനർ നിർമ്മിക്കേണ്ട രണ്ട് പാലങ്ങളുടെ പ്രവൃത്തികൾ നടന്നുവരുന്നു. പുനർനിർമ്മാണം ആവശ്യമായ ബാക്കി |

പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/വിശദമായ പരിശോധന എന്നിവ നടത്തി ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി നൽകി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

S. Bindu

സെക്ഷൻ ഓഫീസർ